(എ) സംസ്ഥാന സർവ്വീസിൽ പിന്നോക്ക വിഭാഗക്കാർക്ക് സംവരണം നൽകുന്നതു സംബന്ധിച്ച് ഈ ഗവൺമെന്റിന്റെ സമീപനം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) സംവരണ സംരക്ഷണ നിയമത്തിന്മേലുള്ള സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ കൊടുക്കാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നു വിശദീകരിക്കുമോ ;

(ഡി) മുമ്പുണ്ടായിരുന്നതു പോലെയുള്ള സംവരണം നൽകണമെന്ന് നിർദ്ദേശിക്കുന്ന പുതിയ നിയമം ഉണ്ടാക്കുവാനും അത് ഭരണഘടനയുടെ ൯-ാം പട്ടികയിൽ പെടുത്തുവാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഈ നടപടി എന്നേയ്ക്ക് സ്വീകരിക്കുമെന്നു വ്യക്തമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നയനാർ) : സർ,

(എ) പിന്നോക്ക സമുദായങ്ങൾക്ക് പരമാവധി ആനുകൂല്യം നൽകണം എന്നതാണ് ഗവൺമെന്റിന്റെ സമീപനം.

(ബി&സി) റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് എതിരായാണ് വിദഗ്ദ്ധ നിയമോപദേശം കിട്ടിയിട്ടുള്ളത്.

(ഡി&ഇ) ഇത്തരത്തിൽ പ്രമേയം അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കി ഭരണഘടന ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുക്കണമെന്ന് ഉദ്ദേശിക്കുന്നു.

സംവരണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കമ്മീഷൻ

5 (*7) ശ്രി. പി. നാരായണൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. ജോസ് ബേബി :
പ്രൊഫ: മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രീമിലെയർ ഉൾപ്പെടെയുള്ള സംവരണ പ്രശ്നങ്ങളിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ ഈ കമ്മീഷനിൽ എത്ര അംഗങ്ങളുണ്ട് ;

(ബി) ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) എത്ര കാലത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) ഉണ്ട്. റിട്ടയേർഡ് ജസ്റ്റീസ് നരേന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്.

(ബി) (എ) ടേംസ് ഓഫ് റഫറൻസ് താഴെപ്പറയുന്ന സുപ്രീംകോടതി വിധിയിലെ നിരീക്ഷണങ്ങൾക്ക് അനുരോധമായി പിന്നോക്കസമുദായങ്ങളിൽ മേൽത്തട്ടിൽപ്പെടുന്നവരെ സംവരണാനുകൂല്യങ്ങളിൽ നിന്നും ഒഴിവാക്കാൻ ഏത് മാനദണ്ഡങ്ങൾ സ്വീകരിക്കണം. അഥവാ പിന്നോക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് പ്രസ്തുത വിധിയുടെ വെളിച്ചത്തിൽ നിലവിലുള്ള പരിരക്ഷ പരമാവധി നിലനിർത്തുന്നതിന് ഏതു മാനദണ്ഡങ്ങൾ സ്വീകരിക്കണം. (ബി) പരമ്പരാഗതമായി ചെയ്തുവരുന്ന തൊഴിലിന്റെ അടിസ്ഥാനത്തിലോ, മറ്റു വിധത്തിലോ മേൽത്തട്ടിൽനിന്നും ഒഴിവാക്കാവുന്ന ഏതെങ്കിലും സമുദായം ഉണ്ടോ ; എങ്കിൽ ഏതെല്ലാം ? (സി) (1) മേൽത്തട്ടിൽപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് വരുമാനം, സ്വത്ത് സംബന്ധിച്ച വെവ്വേറെ മാനദണ്ഡം ആവശ്യമുണ്ടോ ? (2) എങ്കിൽ വരുമാനം, സ്വത്ത് പരിധി എന്തായിരിക്കണം ? (3) വരുമാനം കണക്കാക്കുമ്പോൾ ഏതെങ്കിലും പ്രത്യേക വരുമാനക്കാർ അതിൽ നിന്നും ഒഴിവാക്കപ്പെടണമോ ? (4) ശുപാർശകൾ സമർപ്പിക്കുമ്പോൾ സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളിൽ നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളും പ്രത്യേക അവസ്ഥാവിശേഷങ്ങളും കമ്മീഷൻ കണക്കിലെടുക്കണം.

(സി) കാലാവധി നീട്ടിയതടക്കം മൂന്നു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

സംവരണ സംരക്ഷണ നിയമത്തിനെതിരെ സുപ്രീംകോടതിയിൽ നിലവിലുണ്ടായിരുന്ന കേസ്

6 (*14) ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. കെ. സി. വേണുഗോപാൽ :
ഡോ. എം. എ കുട്ടപ്പൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംവരണ സംരക്ഷണ നിയമത്തിനെതിരെ സുപ്രീം കോടതിയിൽ നിലവിലുണ്ടായിരുന്ന കേസിൻമേൽ തീരുമാനമായോ ; എങ്കിൽ എന്ന് ; എന്താണ് തീരുമാനം എന്ന് അറിയിക്കുമോ ;

(ബി) ഈ കേസിൽ മുൻ ഗവൺമെന്റ് സ്റ്റേറ്റിനുവേണ്ടി നിയമിച്ചിരുന്ന അഡ്വക്കേറ്റ് ആരായിരുന്നു ; ഈ ഗവൺമെന്റ് അദ്ദേഹത്തെ നീക്കി പകരം ആരെയാണു നിയമിച്ചത് ; അതിനുള്ള കാരണമെന്ത് ;

(സി) ഈ കേസിലെ സുപ്രീം കോടതിവിധിയോടുകൂടി അതുവരെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന സംവരണം അതേപടി നിലനിർത്താൻ കഴിയുമോ ; ഈ വിധി അതിനു തടസ്സമായിട്ടുള്ളപക്ഷം പ്രസ്തുത സംവരണം നിലനിർത്തുവനായി ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ?

924/2010

LIBRARY ARCHIVES Kerala Legislative Assembly